## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7219** — **03.11.2011-ൽ മറുപടിക്ക്.**

## ആറ്റിങ്ങൽ കൊട്ടാരം നവീകരണം

**ചോദ്യം**

**ശ്രീ. ബി. സത്യൻ**

**മറുപടി**

**ശ്രീ. കെ.സി. ജോസഫ്**
**(ബഹു:** ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക **കാര്യവും വകുപ്പ് മന്ത്രി)**

(എ) ഇന്ന് ജീർണ്ണാവസ്ഥയിലായിരിക്കുന്ന ആറ്റിങ്ങൽ കൊട്ടാരം നവീകരിക്കാൻ ഏതെങ്കിലും പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എ) ജീർണ്ണാവസ്ഥയിലുള്ള ആറ്റിങ്ങൽ കൊട്ടാരം സംരക്ഷിത സ്മാരകമാക്കുന്നതിലേക്ക് റവന്യൂ വിവരങ്ങൾ ജില്ലാ കളക്ടറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിത സ്മാരകമാക്കി സംരക്ഷിക്കുന്നതാണ്.

(ബി) ഇതുപോലുള്ള പൈതൃക സ്വത്തുക്കൾ സാംസ്കാരിക വകുപ്പിന് നേരിട്ട് ഏറ്റെടുക്കാൻ കഴിയുമോ;

(ബി) ഉടമസ്ഥാവകാശികളുടെ സമ്മത പ്രകാരം പൈതൃക സ്വത്തുക്കൾ ജില്ലാ കളക്ടർ മുഖേന വില നിശ്ചയിച്ച് സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്.

(സി) പ്രസ്തുത കൊട്ടാരം സംരക്ഷിക്കുവാനുള്ള നടപടികൾ സാംസ്കാരിക വകുപ്പ് സ്വീകരിക്കുമോ?

(സി) പ്രസ്തുത കൊട്ടാരം സംരക്ഷിത സ്മാരകമാക്കാനുള്ള നടപടി വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.